

മാതാവിന്റെ പിറവി

(എട്ടു നോമ്പ്)

സ്വർഗ്ഗാരോപണ തിരുനാളുകൾക്കുള്ള
പ്രാർത്ഥന ശുശ്രൂഷകൾ.

ഫാ. പ്ലാസിഡ് ജെ. പൊടിപ്പാറ

മാതാവിന്റെ പിറവി (എട്ടുനോമ്പു) സ്വർഗ്ഗാരോപണ തിരുനാളുകൾക്കുള്ള പ്രാർത്ഥനാശുശ്രൂഷകൾ

മാതാവിൻറെ പിറവി (എട്ടുനോമ്പ്)
സ്വർഗ്ഗാരോപണത്തിരുനാളുകൾക്കുള്ള
പ്രാർത്ഥനാശുശ്രൂഷകൾ

പരിഭാഷ

റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ

ഗാനരചന

റവ. ഫാ. ജി. ററി. ഉന്നുകല്ലിൽ

സന്ദേശനിലയം പ്രസിദ്ധീകരണം

15-8-1982

First Published:

August 1982

Published by:

Sandesanilayam, Changanacherry

Printed at

St. Joseph's Orphanage Press, Changanacherry

Imprimatur:

Rev. Dr. Joseph Karimpalil
(Vicar General)

15.8.1982

Changanacherry

ഒരു വാക്കു്

മാതാവിൻറെ പിറവിത്തിരുന്നാളിനും. (എട്ടു നോമ്പ്) സ്വർഗ്ഗാരോപണത്തിരുനാളിനും ഒരുക്കമായിട്ടുള്ള പ്രാർത്ഥനകളാണു് ഇതിലെ ഉള്ളടക്കം. പൗരസ്ത്യസഭകളിൽ നിലവിലിരുന്ന പ്രാർത്ഥനകൾ പ്രൊപ്പഗാന്താകോൺഗ്രിഗേഷൻ 1886 മെയ് 8-ന് റോമിൽ പ്രസിദ്ധീകരിച്ചു. 1938 ജനവരി 6-നു കാർഡിനൽ ടിസറൻറിൻറെ നേതൃത്വത്തിൽ ഓറിയൻറൽ കോൺഗ്രിഗേഷൻ ഇത് സീറോ മലബാർ സഭയ്ക്കുവേണ്ടി അച്ചടിപ്പിച്ചു. ഗ്രന്ഥം അവതരിപ്പിച്ചുകൊണ്ടു കർദ്ദിനാൾ പറഞ്ഞവാക്കുകൾ ശ്രദ്ധേയമാണ്, "മാർ ജോസഫ്, മാർ തോമ്മാ എന്നീ പാത്രിയർക്കീസുമാർക്കും, മെത്രാപ്പോലിത്താമാർക്കും, മെത്രാന്മാർക്കും, വൈദികസമൂഹത്തിനും, സന്യാസിനീസന്യാസികൾക്കും, മെസെപ്പൊട്ടേമിയായിലും മലബാറിലുമുള്ള എല്ലാവർക്കും വേണ്ടിയുള്ളതാണ് ഗ്രന്ഥം"

സന്ദേശനിലയം പ്രസിദ്ധീകരിക്കുന്ന ഈ ചെറുഗ്രന്ഥം സുറിയാനി നമസ്ക്കാരപ്പുസ്തകത്തിൽ നിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്തിരി ക്കുന്നതും സുപ്രസിദ്ധ സഭാപണ്ഡിതനും, ആദരണീയനുമായ ബഹു. പ്ലാസിഡച്ചനാണു്. ബഹു. ജി. ററി. ഊന്നുകല്ലിലച്ചനാണ് ഇതിലെ ഗാനങ്ങൾക്കു രൂപം നല്കിയിരിക്കുന്നതു്. അകൈതവമായ നന്ദിയും, കൃതജ്ഞതയും ഇരുവർക്കും സാദരം സമർപ്പിക്കുന്നു.

ദേവാലയങ്ങളിലും, കുടുംബങ്ങളിലും സായാഹ്ന നമസ്ക്കാരത്തിനും (റംശാ) പ്രഭാതപ്രാർത്ഥനയ്ക്കും (ലെലിയാ സപ്രാ) ഉപയോഗിക്കത്തക്ക വിധത്തിലാണ് ഇതിലെ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നതു" . മാതൃഭക്തരായ സുറിയാനി ക്രൈസ്തവർക്കു അവരുടെ തന്നെ ഭാഷയിൽ മാതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിന്, സഭ നല്കിയിരിക്കു ന്ന ഔദ്യോഗിക പ്രാർത്ഥന ഇപ്രകാരം തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ സന്ദേശനിലയത്തിന് സന്തോഷവും അഭിമാനവും ഉണ്ടു്. മാതാവിൻെറ പ്രാർത്ഥനാസഹായങ്ങൾ ഏവർക്കുമുണ്ടാകട്ടെയെന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡയറക്ടർ
സന്ദേശനിലയം,
ചങ്ങനാശേരി.

15-8-1982

ഉള്ളടക്കം

പിറവിത്തിരുന്നാളി (എട്ടുനോമ്പ്)നു ഒരുക്കമായുള്ള പ്രാർത്ഥനാ ശുശ്രൂഷ.

റംശാ പേജ് 1

ലെലിയാ-സപ്രാ " 23

സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായുള്ള പ്രാർത്ഥനാ ശുശ്രൂഷ

റംശാ പേജ് 33

ലെലിയാ-സപ്രാ " 40

൧൦൫൩

(സായാ ഹ്നപ്രാർത്ഥനാ ശുശ്രൂഷ)

[കാർമ്മികനിൽ നിന്ന് ശുശ്രൂഷി സമാധാനം സ്വീകരിച്ച് സമൂഹത്തിനു കൈമാറുന്നു. തുടർന്ന് പ്രാർത്ഥന ആരംഭിക്കുന്നു.]

കാ. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സ. ആമ്മേൻ. (3 പ്രാവശ്യം)

കാ. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും എപ്പോഴും എന്നേയ്ക്കും

സ. ആമ്മേൻ.

കാ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു) നിൻറെ നാമം പരിശുദ്ധമാകപ്പെടണം, നിൻറ രാജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ..

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നി റഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരി ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ് ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ നാമം പരിശുദ്ധമാകപ്പെടണം. നിൻറെ രാ ജ്യം വരണം. നിൻ്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതു പോലെ ഭൂമിയിലും ആകണം.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്ര ലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ

നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്ത്തിയും മഹത്വവും എന്നേയ്ക്കും നിൻറതാകുന്നു. ആമ്മേൻ.

കാ. പിതാവിനും പുത്രനും പരിശുദ്ധാത് മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ നാമം പരിശുദ്ധമാകപ്പെടണം. നിന്റെ രാ ജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

ശു. നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ

സ്ളോസാ

കാ. കർത്താവേ, ആത്മീയസ്തുതികളാൽ നിൻറെ ദൈവത്വത്തെ ഞങ്ങൾ കൊണ്ടാടുന്നു. ഭൗമികമായ ആരാധനകളാൽ നിൻ്റെ കർത്തൃത്വത്തെ ഞങ്ങൾ ആരാധിക്കുന്നു. വെടിപ്പുള്ള വിചാരണയാൽ നിൻറെ നിസ്തുലസ്വഭാവത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിൻറെയും നാഥാ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

സ. ആമ്മേൻ.

കാ. ദൈവമേ സെഹിയോനിൽ നിനക്കു സ്തുതിയോഗ്യമാകുന്നു.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

സ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ- ദൈവമേ സെഹിയോനിൽ.....

ഹല്ലേലുയ്യാ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

46

(അല്ലെങ്കിൽ ഗാനം)

(ബ്രീക്ക് ഹന്നാനാ...)

അണിചേർന്നഗ്നിമയന്മാരേവം
അഖിലേശ്വരനെ വാഴ്ത്തിപ്പാടി

"കന്യകതന്നുടെ ശൂനായായെ
ബഹുമാനിച്ചോൻ പരമാരാധ്യൻ"

നാനാദിക്കിൽനിന്നുമണഞ്ഞു
ശ്രീഹന്മാർ ശൂനായാനാളിൽ

അപ്പൊൻ സുദിനം നിവ്യന്മാരും
ഭക്ത്യാദരവോടാഘോഷിച്ചു

കരളിൽ പുളകം പാകും തിരുന്നാൾ
സഹജരേവരുവിൻ കൊണ്ടാടീടാം

ബഹുമതിയിരുലോകങ്ങളിലമ്മ
യ്ക്കരുളിയനാഥനെ വാഴ്ത്തിപ്പാടാം.

[കാർമ്മികനിൽനിന്നും ശുശ്രൂഷി സമാധാനം സ്വീകരിച്ചു
സമൂഹത്തിനു കൈമാറുന്നു]

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org